**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1951** **02-02-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ മാവേലിക്കര ഡിപ്പോയിൽ കെട്ടിട നിർമ്മാണത്തിനായി, എം.എൽ.എ.യുടെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ സർക്കാരിന്റെ കാലത്ത് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണം ആരംഭിക്കുവാൻ ആവശ്യമായ അനുമതിക്കായി ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ഈ പ്രവൃത്തി 2016 ജൂൺ മാസത്തിൽ ആരംഭിച്ചു എങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ മുൻസിപ്പാലിറ്റി സ്റ്റോപ്പ് മെമ്മോ നൽകിയതിൻ പ്രകാരം നിർത്തിവെയ്ക്കുയുണ്ടായി. സ്ഥലം എം.എൽ.എ. യുടെ സാന്നിദ്ധ്യത്തിൽ 12/10/2022-ൽ നടന്ന യോഗത്തിൽ പ്രസ്തുത പ്രവൃത്തിയ്ക്ക് ചിലവായ തുക കഴിച്ച് ബാക്കി തുക ഉപയോഗിച്ച് ബസ് കാത്തിരിപ്പ് കേന്ദ്രത്തിനോടൊപ്പം കെട്ടിടസമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായുള്ള നടപടി സ്വീകരിക്കണമെന്ന് നൽകിയ നിർദ്ദേശാനുസരണം ടി പ്രവൃത്തിയായി 92,59,322/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി KRDCL മുഖേന ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ടി പ്രവൃത്തിയുടെ ഭരണാനുമതി 2015-16 നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളതിനാൽ ടി തുക ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനായുള്ള അനുവാദത്തിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.<br><br>സർക്കാർ ഇക്കാര്യം പരിശോധിച്ച് "മാവേലിക്കര നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2015-16 ൽ ഉൾപ്പെടുത്തി അനുവദിച്ച മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ കെട്ടിടം എന്ന പ്രവൃത്തി ഉപേക്ഷിക്കപ്പെടാനുണ്ടായ കാരണങ്ങളിൽ ഒരു മാറ്റവും ഉണ്ടായിട്ടില്ലാത്ത സാഹചര്യത്തിൽ, 2015-16 നിയോജകമണ്ഡല |

| | | | |
|---|---|---|---|
| | | | ആസ്തി വികസന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള ബാക്കി തുക വിനിയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ പുന:രാരംഭിക്കുന്നതിന് അനുമതി നൽകുന്ന വിഷയം അംഗീകരിക്കാൻ കഴിയില്ല"എന്ന വിവരം 29.01.2024 ലെ എ2/150/2023-ഗതാ നമ്പരിലുള്ള കത്ത് പ്രകാരം കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഈ പ്രവൃത്തി 2016 ജൂൺ മാസത്തിൽ ആരംഭിച്ചു എങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ മുൻസിപ്പാലിറ്റി സ്റ്റോപ്പ് മെമ്മോ നൽകിയതിൻ പ്രകാരം നിർത്തിവെയ്ക്കയുണ്ടായി. സ്ഥലം എം.എൽ.എ. യുടെ സാന്നിദ്ധ്യത്തിൽ 12/10/2022-ൽ നടന്ന യോഗത്തിൽ പ്രസ്തുത പ്രവൃത്തിയ്ക്ക് ചിലവായ തുക കഴിച്ച് ബാക്കി തുക ഉപയോഗിച്ച് ബസ് കാത്തിരിപ്പ് കേന്ദ്രത്തിനോടൊപ്പം കെട്ടിടസമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായുള്ള നടപടി സ്വീകരിക്കണമെന്ന് നൽകിയ നിർദ്ദേശാനുസരണം ടി പ്രവൃത്തിയായി 92,59,322/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി KRDCL മുഖേന ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ടി പ്രവൃത്തിയുടെ ഭരണാനുമതി 2015-16 നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളതിനാൽ ടി തുക ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനായുള്ള അനുവാദത്തിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.<br><br>സർക്കാർ ഇക്കാര്യം പരിശോധിച്ച് "മാവേലിക്കര നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2015-16 ൽ ഉൾപ്പെടുത്തി അനുവദിച്ച മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ കെട്ടിടം എന്ന പ്രവൃത്തി ഉപേക്ഷിക്കപ്പെടാനുണ്ടായ കാരണങ്ങളിൽ ഒരു മാറ്റവും ഉണ്ടായിട്ടില്ലാത്ത സാഹചര്യത്തിൽ, 2015-16 നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള ബാക്കി തുക വിനിയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ പുന:രാരംഭിക്കുന്നതിന് അനുമതി നൽകുന്ന വിഷയം അംഗീകരിക്കാൻ കഴിയില്ല"എന്ന വിവരം 29.01.2024 ലെ എ2/150/2023-ഗതാ നമ്പരിലുള്ള കത്ത് പ്രകാരം കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ